# ഉന്നതവിദ്യാഭ്യാസമേഖലയിലെ മലയാളകേരള പഠനം വർത്തമാനവും ഭാവിയും

**സന്തോഷ് എച്ച്.കെ.**

സാമൂഹ്യമാനവിക വിഷയങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വലിയ വെല്ലുവിളികൾ നേരിടുന്ന കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. മലയാളമടക്കമുള്ള പ്രാദേശികഭാഷകളുടെ സ്ഥിതി അതിലും പരുങ്ങലിലാണ്. അക്കാദമികമേഖലയിൽ ഒരു പഠനപദ്ധതി എന്ന നിലയ്ക്ക് ഇന്ധനം തീർന്നുകൊണ്ടിരിക്കുന്ന വണ്ടിയാണ് മലയാളപഠനം. മുന്നിലെ പാളങ്ങൾ മുറിച്ചുമാറ്റപ്പെടുകയും ചെയ്തിരിക്കുന്നു. സമകാലിക ഇന്ത്യൻ അക്കാദമിക രംഗത്ത് മലയാള ബിരുദ ബിരുദാനന്തര ഗവേഷണ പഠനം നേരിടുന്ന പ്രശ്നങ്ങളെ വിശകലനം ചെയ്യുകയും ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മലയാളപഠനഗവേഷണമണ്ഡലത്തിലുണ്ടാവേണ്ട ദിശാബോധം സംബന്ധിച്ച പരിപ്രേക്ഷ്യം അവതരിപ്പിക്കുകയുമാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

**മലയാളപഠനം . ചരിത്രം**

1838 യൂണിവേഴ്സിറ്റി ഓഫ് ലണ്ടനിൽ ബി എ രണ്ടുവർഷ ഡിഗ്രിയാവുന്നത്. 1859 ൽ ഇന്റർമീഡിയറ്റ് കോഴ്സ് അവതരിപ്പിച്ചു. 1867ല് ബി. എസ്. സി. വന്നപ്പോള് ഐ. എ. ഉണ്ടായി. ഈ ഐ. എ. ആണ് ഇന്ത്യയിലും മറ്റും എഫ് എ ( ഫസ്റ്റ് ആർട്സ്) കോഴ്സായി മാറിയത്. 1857 ൽ കൽക്കത്ത, മുംബൈ സർവകലാശാലകൾക്കൊപ്പം മദിരാശി സർവകലാശാല നിലവിൽ വന്നു. മലയാളപഠനത്തിന്റെ ചരിത്രം 1860 കള് തൊട്ട് മദിരാശിയിൽ നിന്ന് തുടങ്ങുന്നു. ഗവേഷണം 1930 കൾ തൊട്ടാണ് ആരംഭിക്കുന്നത്. 1907 ഓടെ ഇംഗ്ലീഷിനൊപ്പമുണ്ടായിരുന്ന നാട്ടുഭാഷകളുടെ കമ്പല്സറി പേപ്പർ എന്ന സ്ഥാനം ഐച്ഛികപദവിയിലേക്ക് താഴുന്നുണ്ട്.മഹാരാജാസ് യൂണിവേഴ്സിറ്റി കോളേജിൽ മലയാളത്തിന്റെ പദവിക്കു വേണ്ടിയുള്ള എ ആറിന്റെ പോരാട്ടങ്ങൾ തൊട്ട് അക്കാദമികമേഖലയിൽ മലയാളത്തിനു വേണ്ടിയുള്ള സമരങ്ങളും ആരംഭിക്കുന്നുണ്ട് എന്നു പറയാം.

ഇതിനിടെ കേരളത്തിലും പാരമ്പര്യവിദ്യാഭ്യാസവും നാട്ടുഭാഷാവിദ്യാഭ്യാസവും പാശ്ചാത്യ അക്കാദമിക രീതികളിലേക്ക് ചിട്ടപ്പെടുന്നുണ്ട്. ആധുനിക സിലബസും കരിക്കുലവും കൊളോണിയൽ അക്കാദമിക് ഫ്രെയിം വർക്കിലേക്കുള്ള പറിച്ചു നടലും വ്യാപകമായി സംഭവിക്കുന്നു. ആയുർവേദം ആര്യവൈദ്യമാവുന്നു സമസ്കൃതപാഠശാല കോളേജാവുന്നു. നാട്ടുഭാഷാവിദ്യാഭ്യാസം ആധുനിക അക്കാദമിക്സിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്ന ഈ ഘട്ടത്തിലാണ് മലയാളത്തിനും അക്കാദമികപദവി കൈവരുന്നത്.

മദിരാശി സർവകലാശാലയിൽ 1927 ലാണ് മലയാളവിഭാഗം ഒരു പ്രത്യേകപഠനവകുപ്പായി മാറുന്നുണ്ട്. വൈകാതെ കേരള സർവകലാശാല മലയാളപഠനത്തിന് ഊന്നല് നല്കി രൂപീകരിക്കുകയും ചെയ്തു. എന്നാൽ അത്തരം ഒരു പ്രാരംഭവീക്ഷണം പില്ക്കാലത്ത് സർവകലാശാലയുടെ വളർച്ചയുടെ ഘട്ടത്തിൽ നിലനിർത്തുന്നതായിക്കാണുന്നില്ല.

**മലയാളഗവേഷണ ചരിത്രം**

താളിയോലകളിലും മറ്റും നിലനിന്നിരുന്ന പ്രാചീന സാഹിത്യകൃതികളുടെയും വൈജ്ഞാനികകൃതികളുടെയും സംശോധിത സംസ്കരണത്തിലൂടെയും അച്ചടി പാഠനിർമ്മിതിയിലൂടെയും അച്ചടിയുടെയും വഴിയിലൂടെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി മലയാളഭാഷാസാഹിത്യവിചാരങ്ങൾ കനം വെക്കുന്നുണ്ട്. ഇത്തരം ക്രിട്ടിക്കൽ എഡീഷൻസിലൂടെയാണ് ഭാഷാഗവേഷണം വികസിക്കുന്നത്.

ഡോ.കെ. ഗോദവർമ്മ ലണ്ടൻ സർവകലാശാലയിൽ നിന്ന് ടർണറുടെ മേൽ നോട്ടത്തില് നടത്തിയ ഇൻഡോ ആര്യൻ ലോൺ വേഡ്സ് ഇൻ മലയാളം (1933) ചേലനാട്ട് അച്യുതമേനോൻ ലണ്ടൻ സർവകലാശാല ബാർനെറ്റിന്റെ മാർഗനിര്ദേശത്തിൽ നടത്തിയ എഴുത്തച്ഛൻ ആന്റ് ഹിസ് ഏയ്ജ് (1938), എന്ന ശീർഷകത്തിലുള്ള ഗവേഷണം എ. സി. ശേഖർ പൂനാ സർവകലാശാലയിൽ നടത്തിയ ഇവൊല്യൂഷൻ ഓഫ് മലയാളം പ്രോസ് (1953) എന്ന ഗവേഷണം, കെ.എം ജോർജ്ജ് മദിരാശി സർവകലാശാലയിൽനിന്നു പൂർത്തീകരിച്ച രാമചരിതം ആന്റ് ദി സ്റ്റഡി ഓഫ് ഏർളി മലയാളം (1957) എന്ന പഠനം , എസ്.കെ. നായർ മദിരാശി സർവകലാശാലയിൽനിന്ന് ചേലനാട്ട് അച്യുതമേനോന്റെ മാർഗനിര്ദേശത്തിൽ നടത്തിയ ഫോക്ക് ഡ്രാമാസ് ഓഫ് കേരള (1957) എന്ന ഗവേഷണപഠനം എന്നിവയാണ് മലയാളത്തിലെ ആദ്യ ഗവേഷണ സംരംഭങ്ങൾ. ഭാഷാപഠനം, സമ്സ്കാരപഠനം , സാഹിത്യപഠനം എന്ന് മൂന്ന് മണ്ഡലങ്ങളിലായി പരന്നുകിടക്കുന്ന മലയാള കേരളപഠനത്തിന്റെ ഈ മൂന്ന് വ്യത്യസ്ത മേഖലകളിലാണ് കേരളത്തിനു പുറത്തുനിന്നു സംഭവിച്ച ആദ്യകാല ഗവേഷണങ്ങൾ നടന്നത് എന്ന വസ്തുത അത്ഭുതപ്പെടുത്തുന്നതാണ്.

ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ കേരളസർവകലാശാലയിൽ നിന്ന് പി. കെ. നാരായണപിള്ള യുടെ മേൽനോട്ടത്തിൽ നടത്തിയ ഡിസ്ക്രിപ്ഷൻ ഓഫ് ലാംഗ്വേജ് ഓഫ് കൃഷ്ണഗാഥ വിത്ത് ഇൻഡക്സ് (1967) എന്ന ഗവേഷണമാണ് കേരളത്തിനകത്തുനടന്ന ആദ്യ മലയാളഗവേഷണം എന്നുപറയാം .ഡോ. വി. എസ്. ശർമ്മ കേരളസർവകലാശാലയിൽ തന്നെ നടത്തിയ കുഞ്ചൻ നമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും (1974) എന്ന പ്രബന്ധം വരുന്നതോടെ മലയാളഗവേഷണം മലയാളഭാഷയിൽ തന്നെ അവതരിപ്പിക്കപ്പെട്ടു.

ഈ ആദ്യകാലഗവേഷണപഠനങ്ങളാണ് മലയാളഭാഷാസാഹിത്യചരിത്ര പഠനമണ്ഡലത്തിന് ഗൗരവപൂർണമായ ഒരു അടിത്തറയിട്ടത്. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ മലയാള അക്കാദമിക രംഗത്ത് ഇന്നും ഏറ്റവും സമഗ്രവും ആഴമേറിയതുമായ പ്രധാന ഗവേഷണപഠനങ്ങൾ

ഇവയൊക്കെത്തന്നെയാണെന്നു കാണാൻ കഴിയും. സാഹിത്യചരിത്രവിദ്യാർത്ഥികളും ഭാഷാഗവേഷകരും ഇന്നും ഉപജീവിക്കുന്നത് ഈ പഠനങ്ങളെയാണ്. ഈ രീതിയിൽ ഉന്നതവിദ്യാഭ്യാസമേഖലയിൽ ഒരു ഉജ്ജ്വലമായ തുടക്കമാണ് മലയാളപഠനത്തിനൊപ്പം മലയാളഗവേഷണത്തിനും ഉണ്ടായത്. എന്നാൽ അക്കാദമിക ഊന്നലിലും സമീപനത്തിലും മലയാളപഠനഗവേഷണങ്ങൾക്ക് അതില് നിന്നു മുന്നോട്ടുപൊകാൻ സാധിച്ചില്ല.

മലയാളഗവേഷണത്തിന്റെ ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രം പരിശോധിച്ചാൽ പാഠനിഷ്ഠപഠനത്തിൽനിന്ന് പരിസരനിഷ്ഠ – പരിഹാരപഠനങ്ങളിലേക്കുള്ള മാറ്റം കാര്യമായി സംഭവിച്ചതായി കാണാൻ കഴിയുന്നില്ല. ഏകശിലാപാഠനിർമ്മിതിയിലും ശുദ്ധവും ആധികാരികവുമായ ഒരു ജ്ഞാനനിർമ്മിതിയിലുമാണ് അത് ഊന്നുന്നത്.

മലയാളത്തിന്റെ വിഷയമേഖല ഭാഷാ സാഹിത്യം സംസ്കാരം എന്നീ മണ്ഡലങ്ങളിലായി വിപുലപ്പെടുന്നുണ്ടെങ്കിലും സാഹിത്യകേന്ദ്രിതമായ വിവരണാത്മകപഠനമാണു കൂടുതലും സംഭവിച്ചത് എന്ന് പറയാം. ഈ സ്തംഭനമാണ് അക്കാദമികമായി മലയാളപഠനത്തെ പിറകോട്ടടിക്കുന്നത്.

**മലയാളപഠനം – സമകാലിക വെല്ലുവിളികൾ**

ഉന്നതവിദ്യാഭ്യാസമണ്ഡലത്തിൽ മലയാളപഠനം ഇന്നു നേരിടുന്ന ബാഹ്യവും ആന്തരികവുമായ പ്രതിസന്ധികളെ പരിശോധിച്ചുകൊണ്ടുമാത്രമേ പുതിയ കാല സമീപനം രൂപപ്പെടുത്തിയെടുക്കാനാവൂ. തൊണ്ണൂറുകളോടെ തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസത്തിലേക്കുണ്ടായ വിദ്യാർത്ഥികളുടെ ഒഴുക്ക് സാമ്പ്രദായിക ആർട്സ് ആന്റ് സയൻസ് വിഷയങ്ങളെ സാരമായി ബാധിച്ചു. ഇതിനെ മറികടക്കാനായി ആവിഷ്കരിച്ച നോൺ കൺവെൻഷണൽ മൾട്ടി ഡിസിപ്ലിനറി കോഴ്സുകളിൽ മലയാളത്തിനു സ്ഥാനം ലഭിച്ചില്ല. ബിരുദതലത്തിൽ രണ്ടോ മൂന്നോ ഡബിൾ മെയിൻ കോഴ്സുകളാണ് സംസ്ഥാനത്താകെ മലയാളത്തിൽ ആരംഭിച്ചത്. ബിരുദാനന്തരതലത്തിൽ ഒരു കോഴ്സും ഉണ്ടായില്ല. ഇക്കാലയളവിലുണ്ടായ വിവിധ ഉത്തരവുകളും നയസമീപനങ്ങളും മലയാളമടക്കമുള്ള ഭാഷാവിഷയങ്ങളെ പരിമിതപ്പെടുത്തുന്നതായിരുന്നു. ബിരുദതലത്തിൽ ആദ്യം സെക്കന്റ് ലാംഗ്വേജ് എന്ന നിലയ്ക്കും പിന്നീട് കോമൺ കോഴ്സ് എന്ന പേരിലും നിലനിന്നിരുന്ന ഇന്ത്യൻ ഭാഷാപഠനത്തിന്റെ മേഖലയെ വെട്ടിച്ചുരുക്കുന്ന സമീപനമാണ് യു ജി സി മുന്നോട്ടു വെച്ച ബിരുദതല കരിക്കുലം ഫ്രെയിം വർക്കിനുള്ളത്. പുതിയ കോഴ്സുകളിലൊക്കെ ആദ്യ രണ്ടു വർഷത്തിനു പകരം ആദ്യ ഒരു വർഷത്തേക്കു മാത്രമായി കോമൺ കോഴ്സുകളെ പരിമിതപ്പെടുത്തി. ഗവേഷണമേഖലയിലെ ഫണ്ടിങ്ങിലും കാര്യമായ പരിഗണന ലഭിക്കുന്നില്ല. സയൻസ് സാങ്കേതിക വിഷയങ്ങളുടെ ബോധനവും പരീക്ഷയെഴുത്തും മലയാളമാധ്യമത്തിൽക്കൂടി സാധ്യമാവുന്ന നയസമീപനവും ഉണ്ടായിട്ടില്ല.

സർക്കാരിന്റെ മാതൃഭാഷാനയത്തിൽ മലയാളത്തിനു വലിയ സ്ഥാനം കല്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ മേഖലയിൽ ഇക്കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടാവാത്തതിന്റെ കാരണം സർക്കാർ സമീപനത്തേക്കാൾ പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടാണെന്നതാണു വാസ്തവം. മലയാളഭാഷയോടുള്ള കേരളീയസമൂഹത്തിന്റെ അഭിഭാവം ഒരു പ്രധാന പ്രശ്നമാണ്. നിരവധി കലർപ്പുകളിലൂടെ വികസിച്ച

മലയാളഭാഷയോട് അതിതീവ്ര വൈകാരിക ബന്ധം പുലർത്തുന്ന സമൂഹമല്ല മലയാളിയുടേത്. തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ് നാടിനെയും കർണാടകയെയും അപേക്ഷിച്ച് നോക്കുമ്പോൾ മാതൃഭാഷയോടെ കാര്യമായ ഒരു മമതാബന്ധം മലയാളി പുലർത്തുന്നില്ല എന്നു പറയാം. ഇതു മലയാളിയുടെ ഭാഷാഭിമുഖ്യത്തിന്റെ ജനിതകവുമായി ബന്ധപ്പെട്ട വിഷയമാണ്. മധ്യകാലഘട്ടത്തിൽ സംഭവിച്ച സംസ്കൃതത്തിന്റെ അധിനിവേശവും കോളോനിയൽ കാലത്തു സംഭവിച്ച ഇംഗ്ലീഷ് അധിനിവേശവും സമഗ്രമായിരുന്നു. മലയാളഭാഷയുടെ വികാസപരിണാമങ്ങളുടെ ഗതി നിർണയിച്ചതുതന്നെ ഈ അധിനിവേശങ്ങളാണ്. ഈ അധീശ ഭാഷകളോടുള്ള സാംസ്കാരികവും മാനസികവുമായ ആധർമണ്യമാണ് സ്വന്തം ഭാഷയിലുള്ള അപകർഷ ബോധമായി മാറുന്നത്. ഭാഷാപദവിയിൽ മലയാളത്തിന് കാര്യമായ പുരോഗതി ഇല്ലാത്തതും ഇതിന് ആക്കം കൂട്ടി. അറുപതുകളോടെ കേരളത്തിൽ വികസിച്ച മധ്യവർഗസമൂഹത്തിൽ രൂപപ്പെട്ട ഒരു തൊഴിൽ സമൂഹം എന്ന നിലയിൽ ആഗോളതലത്തിലേക്കു ചേക്കേറാനുള്ള താത്പര്യം ഇംഗ്ലീഷിനോടുള്ള അതിരുകടന്ന അഭിനിവേശവും മാനസികമായ അടിമത്തവുമായി മാറി. ഭാഷയോടുള്ള സാംസ്കാരിക രാഷ്ട്രീയപരമായ ഒരു സ്വത്വനിലപാടല്ല കേവല ഉപകരണയുക്തിയാണ് കേരളത്തിൽ പ്രബലമായത്. കാർഷിക വ്യാവസായിക മേഖലയിൽ കാര്യമായ പുരോഗതി കേരളാ മോഡൽ വികസനത്തിലുണ്ടായില്ല. കയറ്റിയയക്ക്പ്പെടാനുള്ള മനുഷ്യവിഭവശേഷിയുണ്ടാക്കുന്നതിലായിരുന്നു ഊന്നല്. തൊഴിൽകുടിയേറ്റങ്ങള്ക്കും സാമ്പത്തിക അഭയാർത്ഥിത്വത്തിനുമാണിതു വഴിവെച്ചത്. ഈ ഊന്നലിന്റെ ഭാഗമായി ഇംഗ്ലീഷിനും ഹിന്ദിക്കുമുണ്ടായ പ്രാമുഖ്യം ഭാഷാസമീപനത്തില് മലയാളത്തിനു കിട്ടാതെ പോയി. മലയാളി മധ്യസമൂഹത്തിന്റെ ഈ ലിംഗ്വാ ഫ്രാങ്കാ ഫെറ്റിഷിസമാണ് മലയാളത്തെ വൻ തോതിൽ പിറകോട്ടടിച്ചത്. സർക്കാർ തലത്തിൽ നടപ്പാക്കേണ്ട ഭാഷാസൂത്രണവും കാര്യമായി മുന്നോട്ടു പോയില്ല. അക്വിസിഷൻ പ്ലാനിങ്, കോർപസ്സ് പ്ലാനിങ്,സ്റ്റാറ്റസ് പ്ലാനിങ്, പ്രെസ്റ്റിജ് പ്ലാനിങ് തുടങ്ങിയ ഭാഷാസൂത്രണത്തിന്റെ മേഖലകളിലൊന്നും തന്നെ ശ്രദ്ധേയമായ ചുവടുവെപ്പുകൾ സ്വാതന്ത്ര്യാനന്തരകേരളത്തിലുണ്ടായില്ല.

ബാഹ്യമായ ഈ പ്രശ്നങ്ങളേക്കാൾ ഈ പ്രബന്ധം ഊന്നുന്നത് ആന്തരികമായ അക്കാദമിക പ്രതിസന്ധികളിലാണ്. ഉന്നതവിദ്യാഭ്യാസമേഖലയിൽ കാര്യമായ കരിക്കുലം ഫ്രെയിം വര്ക്കുകളോ കാഴ്ചപ്പാടുകളോ ചിട്ടപ്പെടുത്തലോ കേരളത്തിൽ സംഭവിച്ചില്ല. കാലാകാലങ്ങളിലായി സർവകലാശാലാതലത്തിൽ നടന്ന സിലബസ് പരിഷ്കരണങ്ങളായിരുന്നു ആകെ ഉണ്ടായ മാറ്റം. തൊണ്ണൂറുകളോടെ ഈ പരിഷ്കരണത്തിന്റെ ആക്കം കൂടുന്നുണ്ട്. എന്നാൽ നയസമീപനമില്ലായ്മ സിലബസ്സുകളെ കുറേ പാഠപുസ്തകങ്ങളുടെ ലിസ്റ്റിങ് മാത്രമാക്കി ചുരുക്കി. കൊളോണിയൽ കാലത്തുനിന്നുള്ള ഒരു പാരഡൈം ഷിഫ്റ്റ് സാധ്യമാക്കിയില്ല. മലയാള സിലബസ്സുകളുടെ ഒരു നാൾ വഴി ചരിത്രം പരിശോധിച്ചാൽ ഇതുമനസ്സിലാവും. മലയാളപഠനവുമായി ബന്ധപ്പെട്ട് ലഭ്യമായ ആദ്യ സിലബസ് ഗാർത്തുവെയിറ്റും മറ്റും ചേര്ന്ന് എഫ് എ കോഴ്സിനുണ്ടാകിയതായിരുന്നു. 1864 ലെ സിലബസ് നോക്കൂ.

പഞ്ചതന്ത്രം പാഠമാല (ആന്തോളജി) , കേരളോത്പത്തി , ചാണക്യസൂത്രം എന്നിവയാണ സിലബസ്സിൽ ഉൾപെടുത്തിയിരിക്കുന്നത്. 1866 ലെ എഫ്. എ. കോഴ്സിന്റെ സിലബസ് കുറേക്കൂടി വിപുലമായിരുന്നു. ചാണക്യസൂത്രം, മലയാളഭാഷാവ്യാകരണം, അദ്ധ്യാത്മരാമായണം  മഹാഭാരതം സംഭവപർവം എന്നിവ അതിൽ ഉൾപെടുന്നുണ്ട്. മലയാളത്തിലെ ക്ലാസ്സിക്ക് കൃതികളും ഭാഷാവ്യാകരണവും

ഉൾപെടുത്തിക്കൊണ്ട് കൂടുതൽ ആഴവും കനവും മലയാളപഠനത്തിനുണ്ടാക്കാനുള്ള ശ്രമമായി ഇതിനെ കാണാം. തുടർന്നു വരുന്ന ചില ആദ്യകാല സിലസ്സുകൾ കൂടി കാണുക. 1887 ലെ സിലബസ്സിൽ രാമായണം ആരണ്യകാണ്ഡം , ശാംബരവധം കഥകളി, ഭാഷാനൈഷധം ചമ്പു എന്നിവയാണ് ഉൾപെടുത്തിയിട്ടുള്ളത്. 1888 ലേക്കു വരുമ്പോഴേക്കും രാമായണം കിഷ്കിന്ധാകാണ്ഡം, രുഗ്മിണീസ്വയം വരം കഥകളി, ഭാഷാനൈഷധം ചമ്പു എന്നിവയായി അതു മാറുന്നു.

ഈ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ കടന്നുപോകുമ്പോൾ ശ്രദ്ധയിൽ വരുന്ന പ്രധാന മാറ്റം തമിഴ് വഴിക്കുള്ള പാട്ടിനു പകരം മധ്യകാലമണിപ്രവാളം പ്രബലമേഖലയായി വികസിക്കുന്നു എന്നതാണ്. ജനകീയ ഗാന സാഹിത്യം പുറത്താക്കപ്പെടുകയും ചെയ്യുന്നു. സംസ്കൃതഭാഷയോടും സംസ്കൃതീകൃത സംസ്കാരത്തോടുമുള്ള ആഭിമുഖ്യവും മേൽക്കോയ്മയും ഇതിൽ പ്രകടമാണ്. സവർണാധിനിവേശമാണു കാണാനാവുന്നത്. ഇതിന്റെ തുടർച്ചയിലാണ് വരിഷ്ഠമലയാളസങ്കല്പം ഉറയ്ക്കുന്നത്. ഇരുപതാം നൂറ്റാണ്ടിൽ മലയാളപാഠ്യപദ്ധതിയിലുടനീളം ഈ സവർണവീക്ഷണം തുടർന്നു വന്നു. അറുപതുകൾക്കു ശേഷം പാശ്ചാത്യസാഹിത്യചിന്താപദ്ധതികളും മറ്റും പതിയെ കടന്നുവരുന്നു. എൺപതുകളിൽ ഭാഷാശാസ്ത്രം പാശ്ചാത്യസാഹിത്യദർശനം വിവർത്തനം തുടങ്ങിയ പഠനമേഖലകളൊക്കെയായി മലയാളപഠനം വിപുലപ്പെടുന്നുണ്ട്. എന്നാൽ ഭാഷയുടെ പ്രയുക്തമണ്ഡലങ്ങളിൽ കാര്യമായ പുരോഗതിയുണ്ടായില്ല. മലയാളത്തിനായി ഗാർത്ത് വെയിറ്റും മറ്റും ആദ്യം തയ്യാറാക്കിയ ചോദ്യപേപ്പറിൽ എൺപതു ശതമാനത്തിലധികം അപ്ലിക്കേഷൻ ട്രാൻസലേഷൻ എന്നിവയിലൂന്നിയ ചോദ്യങ്ങളുള്ള പ്രവർത്തന കേന്ദ്രിതമായ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. പിൽക്കാലത്ത് അത് ഓർമ്മയും ഗ്രഹണവും മാത്രം അളക്കുന്ന വിവരണാത്മകമായ ഉപന്യാസങ്ങളെ കേന്ദ്രീകരിക്കുന്ന ചോദ്യങ്ങൾ മാത്രമുള്ളടങ്ങിയ പരീക്ഷകളായി മാറി. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലുമായി ഉന്നതവിദ്യാഭ്യാസമേഖലയിൽ പരന്നുകിടക്കുന്ന മലയാളപഠനമേഖലയെ വിലയിരുത്തുമ്പോൾ പ്രധാനമായും താഴെ പറയുന്ന പ്രശ്നങ്ങൾ ശ്രദ്ധയിലേക്കു വരുന്നുണ്ട്.

1. മലയാളപഠനപദ്ധതി അതു രൂപം കൊണ്ട കൊളോണിയൽ അടിത്തറയിൽ തന്നെ തുടരുകയാണു ചെയ്യുന്നത്. ഭാഷാപഠനം ഇനിയും അപകോളണീകരിക്കപ്പെടേണ്ടതായിട്ടുണ്ട്.
2. മലയാളപഠനത്തിന് തനതായ കരിക്കുലമോ രീതിശാസ്ത്രമോ നാളിതുവരെ വികസിപ്പിച്ചെടുത്തിട്ടില്ല . ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സംഭവിച്ച സെമസ്റ്റർ സമ്പ്രദായത്തിലേക്കും പിന്നീട് ചോയ്സ് ബെയ്സ്ഡ് കരിക്കുലത്തിലേക്കും ഉണ്ടായ പറിച്ചുനടലിന്റെ ഭാഗമായുണ്ടായ പൊതു പരിഷ്കരണശ്രമങ്ങളുടെ ഭാഗമായി സയൻസിന്റെയും സോഷ്യൽ സയൻസിന്റെയും ബോധനതത്ത്വശാസ്ത്രവും മൂല്യനിർണയരീതികളും ഭാഷാവിഷയങ്ങളിലേക്ക് അടിച്ചേല്പ്പിക്കപ്പെടുന്നുണ്ട്.
3. ഇത്തരം പരിഷ്കരണങ്ങള്ക്കനുസരിച്ചുള്ള ഒരു പാഠ്യപദ്ധതി പൊളിച്ചെഴുത്തു നടന്നില്ല. നിലനിൽക്കുന്ന സിലബസ്സിനെ തന്നെ പുതിയ ചട്ടക്കൂട്ടിലേക്ക് ഒതുക്കിയെടുക്കുകയും ഘടനാപരമായ പൊരുത്തപ്പെടുത്തൽ നടത്തുകയുമാണുണ്ടായത്. ചില പുതിയ വിഷയമേഖകൾകൂടി ഉൾചേർക്കപ്പെട്ടു എന്നതുമാത്രമാണു മാറ്റം ..

4. ഒരു തരം ഉള്ളടക്കൽ ശീലമാണ് പുതിയ ജ്ഞാനപദ്ധതികളുടെ ഉൾപ്പെടുത്തലിലും സംഭവിച്ചത്. ഫെമിനിസം കീഴാളപഠനം പരിസ്ഥിതി പഠനം, സംസ്കാരപഠനം, ജനപ്രിയ സംസ്കാരം, മാധ്യമപഠനം, പോസ്റ്റ് മോഡേണിസം തുടങ്ങിയ നിരവധി പുതിയ വിഷയമേഖകൾ നിലനില്ക്കുന്ന സിലബസ്സിലേക്ക് സംയോജിക്കപ്പെട്ടു. എന്നാൽ വിഷയമേഖലകളുടെയും ജ്ഞാനശാസ്ത്രങ്ങളുടെയും ഏതെങ്കിലും തരത്തിലുള്ള വ്യവച്ഛേദനം ഇതുവരെ സാധ്യമായിട്ടില്ല.
5. നമ്മുടെ സിലബസ്സുകളില് പരമ്പരാഗതമായി നിലനിന്നുപോരുന്ന വരേണ്യതയെ ഈ കൂട്ടിച്ചേർക്കലുകൾകൊണ്ട് പൊളിക്കാനായിട്ടില്ല. പുതിയ തരം അധിനിവേശാനന്തര വരേണ്യത സൃഷ്ടിക്കുകയാണ് പലപ്പോഴും ചെയ്യുന്നത്. കേരളീയസമൂഹത്തിന്റെ ബഹുസ്വരതയെ നമ്മുടെ സിലബസ്സുകൾ ഉൾക്കൊണ്ടില്ല. വരിഷ്ഠസാഹിത്യകേന്ദ്രിതമായിത്തന്നെ അതു തുടരുന്നു. കേരളീയ മുസ്ലീം സമൂഹത്തിന്റെ സാഹിത്യം പലപ്പോഴും നാടോടിവിജ്ഞാനീയത്തിന്റെയോ പ്രാചീനസാഹിത്യത്തിന്റെയോ ഒരു മോഡ്യൂളിൽ നാമമാത്രമായി മാത്രം കാണാം.
6. ആഗോളീകരണം തൊട്ട് മലയാളപഠനത്തിന് ദിശയില്ലാതായി. പുതിയ പ്രയുക്തമേഖലകളെ കണ്ടെത്താനോ സിലബസ്സിൽ ഉൾപ്പെടുത്താനോ ശ്രമമുണ്ടായില്ല. പുതിയ തൊഴിൽ സമൂഹത്തിന്റെ മുന്നിൽ സവിശേഷമായ എന്തെങ്കിലും അറിവുകളോ ശേഷികളോ നൈപുണികളോ ഓഫർ ചെയ്യാൻ മലയാളത്തിനാവുന്നില്ല. ആദ്യകാലങ്ങളിൽ മാധ്യമരംഗത്തുണ്ടായിരുന്ന തൊഴിൽ സാധ്യതകൾ മാസ്സ് കമ്യൂണിക്കേഷൻ ജേർണലിസം കോഴ്സുകളുടെ വ്യാപനത്തോടെ ഇല്ലാതായി. കേരളത്തിനകത്തുമാത്രം സാധ്യതയുള്ള, കൂടുതൽ പരിമിതമായിക്കൊണ്ടിരിക്കുന്ന ഭാഷാദ്ധ്യാപനമേഖലമാത്രമാണ് ഒരു തൊഴിൽ സാധ്യതയായി നിലനില്ക്കുന്നത്.
7. മലയാളം സിലബസ്സുകൾ സമകാലിക ഭാഷയേയോ ജീവിതത്തെയോ സാഹിത്യത്തെയോ കാര്യമായി അഭിസംബോധന ചെയ്യുന്നില്ല എന്നതാണ് പ്രധാന പരിമിതി. വളരെ ആർക്കായിക്ക് ആയിട്ടുള്ള ഒരു ഫ്രെയിം വർക്കാണ് നിലനിൽക്കുന്നത്.
8. ലക്ഷ്യബോധത്തോടെയുള്ള ഒരു ഭാഷാസൂത്രണവും അതിനുപിറകിൽ ദീർഘവീക്ഷണത്തോടെയുള്ള ഒരു ഭാഷാനയവും ഇതുവരെ മലയാളത്തിനുണ്ടായിട്ടില്ല. ഭാഷാസൂത്രണത്തിന്റെ അഭാവം സിലബസ് ഫ്രെയിം വര്ക്കിലുമുണ്ട്. മലയാളി സമൂഹത്തിന്റെയും ജീവിതത്തിന്റെയും മലയാളഭാഷയുടെയും വരാനിരിക്കുന്ന കാലത്തെ മുൻകൂട്ടികണ്ടുകൊണ്ട് അടുത്ത ഇരുപത്തിയഞ്ചു വർഷക്കാലത്തേക്കുള്ള മലയാളഭാഷയുടെ വികാസത്തെ ആസൂത്രണം ചെയ്യേണ്ടതുണ്ട്. എന്നാൽ നാളിതുവരെ അത്തരം ശ്രമങ്ങളൊന്നും നടന്നിട്ടില്ല. സ്വാഭാവികമായും അതിനനുസരിച്ച് മലയാളപഠനത്തിലുണ്ടാവേണ്ട മാറ്റങ്ങളെ സംബന്ധിച്ച ആലോചനകളും നടന്നില്ല. ഭരണതലത്തിലെ ദേശീയതാവാദകാലത്തെ ഭാഷാസൂത്രണത്തിലെ പിഴവുകൾ ആഗോളീകരണകാലത്തും തുടരുന്നു.

9. പ്രയുക്തമേഖലകൾ കഴിഞ്ഞ അമ്പതു ദശകങ്ങളായി വികസിപ്പിക്കുന്നില്ല എന്നതാണ് മറ്റൊരു പോരായ്മ. ഇംഗ്ലീഷും ഹിന്ദിയുമൊക്കെ ഫങ്ഷണൽ ആയ സ്കീമുകൾ ഡിഗ്രി പി ജി തലത്തിൽ ആവിഷ്കരിച്ചപ്പോഴും മലയാളം ഈ മേഖലയിൽ നാളിതുവരെ ചുവടുവെച്ചില്ല.
10. പഠനത്തിൽ സാങ്കേതികവികാസം സ്വാംശീകരിച്ചിട്ടില്ല. ബിഗ് ഡാറ്റ അൽഗോരിതങ്ങൾ, ഗൂഗിൾ സെർച്ച് എഞ്ചിനുകൾ ആർക്കൈവുകൾ, റിയൽ ടൈം സ്കീമുകൾ, സോഷ്യൽ നെറ്റ് വർക്കുകൾ ഇവയുടെ കാലത്ത്സംസ്കാരം സമൂഹം, ഭാഷ അവയുടെ വ്യവഹാരസ്വഭാവം എല്ലാം വിപുലമായ മാറ്റങ്ങൾക്ക് വിധേയമായി. അച്ചടിപാഠങ്ങളെ കേന്ദ്രീകരിച്ചുള്ള സാമ്പ്രദായിക ഹ്യൂമാനിറ്റീസ് സമീപനങ്ങൾകൊണ്ട് പുതിയ സംസ്കാരത്തെ പഠിക്കാനാവില്ല
11. മലയാളിയുടെ റിയൽ ലൈഫ് ഇഷ്യൂസിനെ അഭിസമ്ബോധന ചെയ്യുന്നില്ല എന്നത് ഗൗരവമായ മറ്റൊരു പ്രശ്നമാണ്. സമകാലിക ജീവിതപ്രശ്നങ്ങളെ നിർധാരണം ചെയ്യാനും സാംസ്കാരിക സ്വത്വപ്രശ്നങ്ങളെ കൈകാര്യം ചെയ്യാനുമുള്ള പഠനപ്രവർത്തനങ്ങൾ മുന്നോട്ടുവെക്കാത്തതുകൊണ്ട് പ്രായോഗിക ജീവിതത്തിൽ മലയാളപഠനം ഒരു അവശ്യ സംഗതിയായി പൊതുസമൂഹത്തിനു ബോധ്യപ്പെടുന്നില്ല.
12. പുതിയ വിഷയമേഖലകൾ വികസിക്കുന്നു എന്നതാണു തൊണ്ണൂറുകൾക്കു ശേഷമുണ്ടായ പ്രധാനമാറ്റം. എന്നാൽ സമീപനം മാറുന്നില്ല. സാമ്പ്രദായിക സാഹിത്യമാത്രകേന്ദ്രിത പാഠപഠനങ്ങളായി ഈ മേഖലകളിലുള്ള പഠനവും ഗവേഷണവും പരിമിതപ്പെട്ടിരിക്കുന്നു. പുതിയ വിഷയങ്ങളെ ഉൾക്കൊള്ളുമ്പോഴും രീതിശാസ്ത്രപരമായ അതിന്റെ ഉൾക്കാഴ്ചകളോ സമീപനരീതിയോ സ്വാംശീകരിക്കുന്നില്ല. പ്രമേയനിഷ്ഠ സമീപനത്തിൽ എല്ലാം ഉറച്ചിരിക്കുന്നു. സ്ത്രീ ദലിത് പഠനം സൈബർ മാധ്യമപഠനംതുടങ്ങിയ വിഷയങ്ങളൊക്കെ സിലസ്സിൽ വന്നപ്പോഴും പഴയ സാഹിത്യ അനുഭവനിഷ്ഠ പരിചരണമാണ് ഇവയ്ക്കും ലഭിക്കുന്നത്. സാഹിത്യപഠനത്തിൽനിന്ന് സാംസ്കാരിക വിശകലനസമീപനത്തിലേക്കുള്ള മാറ്റം സാധ്യമാവുന്നില്ല. ഡിസല്പ്ലിനാരിറ്റി അടിയന്തരമായി പുനർ നിർവചിക്കപ്പെടണം.
13. പുതിയകാല പോസ്റ്റ് മോഡേൺ ആശയലോകവും സമീപനവും വ്യാപകമായി വന്നപ്പോൾ സംഭവിച്ച അന്തർവൈജ്ഞാനികതയും ബഹുവൈജ്ഞാനികതയും സൃഷ്ടിക്കുന്ന ആശയക്കുഴപ്പങ്ങൾ വളരെ വലിയതാണ് എന്നതാണ് മറ്റൊരു പ്രശ്നം. ഈ വ്യത്യസ്തസമീപനങ്ങളെ ഉദ്ഗ്രഥിക്കാനുള്ള കാഴ്ചപ്പാട് വികസിച്ചില്ല.
14. പാഠകേന്ദ്രിതമാണെന്നു പറയുമ്പോൾതന്നെ ഡിജിറ്റല് കാലത്ത് പാഠപരതയിലുണ്ടായ മാറ്റവും ശ്രദ്ധേയമാണ്. ഹൈപ്പർ -വെര്ച്വൽ ടെക്സ്റ്റുകളുടെ ഒരു കാലമാണിത്. വാമൊഴിയുടെ രണ്ടാം വരവ് എന്നുവിളിക്കപ്പെടുന്ന സോഷ്യൽ മീഡീയാ കാലത്ത് നമ്മുടെ വ്യവഹാരങ്ങളിലുണ്ടായ മാറ്റങ്ങളും സവിശേഷമായി പരിഗണിക്കണം.
15. ഡിജിറ്റൽ ജ്ഞാനം എന്നാലെന്ത് എന്ന പ്രശ്നവും ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. ബോധന ഗവേഷണമണ്ഡലത്തിൽ അതു കേവലം ഉപകരണയുക്തിയായി കേന്ദ്രീകരിക്കപ്പെടുന്നുണ്ട്.

**സാഹിത്യപഠനത്തിൽ സംഭവിക്കുന്നത്**

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാര്ദ്ധത്തിൽ കൾച്ചർ ടേൺ ഉണ്ടാക്കിയ സംസ്കാരപഠനത്തിലുള്ള അമിതമായ ഊന്നൽ സാഹിത്യപഠനത്തെ ആഗോളതലത്തിൽ പ്രതിസന്ധിയിലാക്കിയിട്ടുണ്ട് എന്ന് നിരീക്ഷപ്പെട്ടിട്ടുണ്ട്. വിവിധ ജ്ഞാനപദ്ധതികളിൽനിന്നുള്ള ഇറക്കുമതി സിദ്ധാന്തങ്ങളും രീതിശാസ്ത്രവും സാഹിത്യപഠനത്തിൽ വലിയ ആശയക്കുഴപ്പങ്ങൾള് സൃഷ്ടിക്കുകയും ഈ ജ്ഞാനമേഖലയെ അവ്യവസ്ഥിതമാക്കുകയും ചെയ്തിട്ടുണ്ട് എന്ന വിമർശനം പ്രബലമാണ്.

മാർക്ക് ബൊർലെയിൻ മാർക്ക് ബൊർലെയിൻ) Mark Bauerlein. *Literary Criticism: An Autopsy*.(1997) എന്ന പുസ്തകത്തിൽ സമകാല അമേരിക്കൻ സാഹിത്യപഠനവകുപ്പുകൾ ആത്മഹത്യാമുനമ്പിലാണെന്ന് ആരോപിക്കുന്നുണ്ട് disciplinary suicide എന്നാണ് പറയേണ്ടത്. നമ്മൾ ഇതുവർ മരിച്ചിട്ടില്ല എന്നാൽ മരണാസന്നരായിരിക്കുന്നു. സാഹിത്യപഠനത്തിലെ കൾച്ചറൽ ടേൺ വരുത്തിയ ഫോക്കസ്സില്ലായ്മയും രീതിശാസ്ത്രപരമായ അവ്യവസ്ഥിതത്വവുമാണ് ഈ മരണത്തിനുകാരണമെന്ന് അദ്ദേഹം കുറ്റപ്പെടുത്തുന്നു.

പ്രതിനിധാനപരമായ വിമർശം (Representational criticism) സാഹിതീയ ഊന്നൽ നശിപ്പിച്ചു എന്നതാണ് മറ്റൊരു ആരോപണം . ഏതുസാഹിത്യകൃതിക്കകത്തും സാമൂഹ്യസാംസ്കാരികചരിത്ര പശ്ചാത്തലങ്ങളെ ഉപജീവിച്ചുനടത്തുന്ന നടത്തുന്ന രാഷ്ട്രീയപ്രത്യയശാസ്ത്രനിർധാരണവും പൊളിറ്റിക്കൽ കറക്റ്റ്നെസ്സ് സംബന്ധിച്ച അന്വേഷണവും വിമർശനത്തെ സങ്കുചിതമാക്കി. മാത്രമല്ല രീതിശാസ്ത്രപരമായ കൃത്യതയും അവബോധത്തിലെ ക്ലാരിറ്റിയും ഇല്ലാതാക്കി. അന്തർവൈജ്ഞാനികസമീപനം എന്നപേരിൽ സംഭവിച്ചത് വ്യത്യസ്ത ജ്ഞാനവ്യവഹാരങ്ങളുടെ അവ്യവസ്ഥിത സങ്കലനംആണ്. സാമ്പ്രദായിക വിഷയനിഷ്ഠതയും ഡിസിപ്ലിനറി മാനകങ്ങളും തകിടം മറിഞ്ഞു. ഇത് സാഹിതീയ ഊന്നൽ നശിപ്പിച്ചു. രീതിശാസ്ത്രകൃത്യതയും അവബോധത്തിലെ ക്ലാരിറ്റിയും ഇല്ലാതാക്കി.

വിവിധ സാമൂഹ്യമാനവികവിഷയങ്ങളിൽ സവിശേഷ പ്രാഗത്ഭ്യമോ പരിശീലനമോ ഇല്ലാതെയാണ് ഈ വക ജ്ഞാനമണ്ഡലങ്ങളിലെ സങ്കല്പങ്ങളെയും സമീപനങ്ങളെയും ഉപയോഗിക്കുന്നത് എന്നതാണ് മറ്റൊരു പ്രശ്നം. സാഹിത്യത്തിനാവശ്യം കൂടുതൽ പ്രായോഗികവും സാഹിതീയവുമായ വിമർശപദ്ധതികളാണെന്ന് അദ്ദേഹം പറയുന്നു.

ഇതോടൊപ്പം ജീവിതത്തിൽ സാഹിത്യത്തിന്റെ പ്രാമാണ്യം ഇല്ലാതായി. വെബ് യൂസേഴ്സ് ആയി മാറിയതോടെ വായനക്കാരൻ ഇല്ലാതാവുകയും സ്കാനേഴ്സോ ബ്രൗസേഴ്സോ ആയി മാറുകയും ചെയ്തു എന്ന അവസ്ഥ. നീൽസൻ നോർമൽ ഗ്രൂപ്പ് നടത്തിയ ഒരു പഠനത്തിൽ 79 ശതമാനം ആളുകളും വെറും സ്കാനേഴ്സ് മാത്രമാണെന്നും 16 ശതമാനം പേർ മാത്രമേ പദാനുപദ വായന നടത്തുന്നുള്ളൂ എന്നും കണ്ടെത്തുകയുണ്ടായി. (1997) ബിഗ്ഡാറ്റയിൽ സന്നിവേശിപ്പിക്കപ്പെടുന്ന ഏത് എഴുത്തും ലിറ്ററേച്ചർ ആയി മാറിയതോടെ എഴുത്തിന്റെ വിശുദ്ധപദവി ഇല്ലാതായി.

നമ്മുടെ സർവകലാശാലകളിൽ സിദ്ധാന്തം മരിച്ചു എന്നത് ബൊർലിയിന്റെ ഒരു ആർഗ്യുമെന്റായിരുന്നു ( October 2005 the Times Higher Educational Supplement ൽ അദ്ദേഹം എഴുതിയ

കുറിപ്പ് ) ഇതിനോട് മികച്ച് 64 ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റുകളിൽനിന്ന് ലഭിച്ച പ്രതികരണത്തിൽ 44 ശതമാനവും സാഹിത്യസിദ്ധാന്തങ്ങൾക്ക് സ്വാധീനം ഇല്ലാതാവുന്നു എന്നതിനൊപ്പമായിരുന്നു. തൊണ്ണൂറുകളിൽ പതിയെ ആരംഭിച്ച നമ്മുടെ നവസിദ്ധാന്തവിചാരങ്ങൾ തൊണ്ണൂറുകൾക്കൊടുവിലാണ് മൂർധന്യത്തിലെത്തി ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽതന്നെ നിശ്ചലമായി. പിന്നീട് സാഹിത്യസിദ്ധാന്തവിചാരത്തിലോ സാഹിത്യവിമർശനത്തിൽ പോലുമോ കാര്യമായ ചലനങ്ങളുണ്ടായിട്ടില്ല എന്നുകാണാം. കീഴാളപഠനങ്ങളുടെ മേഖല മാത്രമാണ് കുറേക്കൂടി സജീവമായി നിന്നത്.

സിദ്ധാന്തങ്ങൾക്കു ശേഷമുള്ള ലോകത്തെക്കുറിച്ച് ഇതിനകം വിവിധസംസ്കാര മണ്ഡലങ്ങളിൽ ധാരാളം സാഹിത്യസിദ്ധാന്തങ്ങൾ- 1995 നുശേഷം പ്രത്യേകിച്ചുമുണ്ടായി പോസ്റ്റ് പോസ്റ്റ് മോഡേണിസത്തിന്റെ ആദ്യഘട്ടമായി ഇതിനെ കാണാം. പോസ്റ്റ് തിയറി: റീ കൺസ്ട്രക്റ്റിങ്ങ് ഫിലിം സ്റ്റഡീസ്, ബിയോണ്ട് പോസ്റ്റ് സ്ട്രക്ച്ചറലിസം, പോസ്റ്റ് തിയറി ന്യൂ ഡയറക്ഷൻസ് ഇൻ ക്രിട്ടിസിസം,, റീഡിങ്ങ് ആഫ്റ്റർ തിയറി, ആഫ്റ്റർ തിയറി, ലൈഫ് ആഫ്റ്റർ തിയറി, പോസ്റ്റ് തിയറി -കൾച്ചർ ക്രിട്ടിസിസം, കീസ്ലോവ്സ്കി -ബിറ്റ്വീൻ തിയറി ആന്റ് പോസ്റ്റ് തിയറി, ആഫ്റ്റർ പോസ്റ്റ് സ്ട്രക്ച്ചറലിസം തുടങ്ങി നിരവധി കൃതികൾ ഈ ദിശയിലുണ്ടായി.

ഇങ്ങനെ നോക്കുമ്പോൾ ഉന്നതവിദ്യാഭ്യാസ മേഖലയിലെ മലയാളപഠനം ഒരു ഭാഗത്ത് സാമ്പ്രദായികതയുടെ ചെളിയിൽ പൂണ്ടുപോയിരിക്കുന്നു, മറുഭാഗത്ത് ദിശാബോധമില്ലാതെ കാറ്റ് പിടിച്ച് അലയുന്നു എന്ന് ദ്വിമുഖമായ രണ്ട് തരം പ്രതിസന്ധികളിലൂടെയാണു കടന്നു പോകുന്നതെന്നു പറയാം.

**മലയാളപഠനം ഭാവി പരിപ്രേക്ഷ്യം**

ഈ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ഉന്നതവിദ്യാഭ്യാസമേഖലയിൽ വികസിക്കേണ്ട മലയാളപഠനത്തിന്റെ ഭാവി പരിപ്രേക്ഷ്യത്തെക്കുറിച്ചുള്ള ചില കാഴ്ചപ്പാടുകൾ അവതരിപ്പിച്ചുകൊണ്ട് ഈ പ്രബന്ധം അവസാനിപ്പിക്കാം.

ഭാഷയെ കേന്ദ്രത്തിൽ നിലനിർത്തിക്കൊണ്ട് ഒരു കേരളവികസന മാതൃകയും അതിനനുസരിച്ചുള്ള ഭാഷാനയവും അതിന്റെ അടിസ്ഥാനത്തിലുള്ള അതിവിപുലമായ ഭാഷാസൂത്രണവും നിർവഹണവും നടക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി മലയാളപഠനം അടിമുടി അഴിച്ചുപണിയണം. അതിനുള്ള ഇടപെടൽ ശേഷി മലയാളഭാഷാപഠിതാക്കളും സ്നേഹികളും നേടിയെടുക്കണം. തത്കാല പ്രതിസന്ധിയെ ഇന്ധനമാക്കിമാറ്റുക എന്നതാണു പ്രധാനം.

ഭരണ നിർവഹണതലത്തിൽ നടക്കേണ്ട ഈ പ്രക്രിയയ്ക്കുള്ള ഈ അനന്തമായ കാത്തിരിപ്പല്ല അക്കാദമിക്സിൽ മലയാളം അടിമുടി അഴിച്ചുപണിയാനുള്ള ഇച്ഛാശക്തിയും ഇടപെടലും അക്കാദമിക ലോകത്തുണ്ടാവണം. വലിയ കൊളാബറേറ്റീവ് പ്രൊജക്റ്റുകളിലൂന്നിയ ഡിജിറ്റൽ ഹ്യൂമാനിറ്റീസ് കേന്ദ്രങ്ങളായി നമ്മുടെ സർവകലാശാല പഠനവകുപ്പുകൾ മാറണം. മാസീവ് ഓപ്പൺ കോഴ്സുകൾ, പാഠശാലകൾ ബഹുജനതലത്തിൽ മലയാളത്തിനായി ഉണ്ടാവണം.

സിലബസ് പാഠപുസ്തകപ്പട്ടികയായി മാറുന്ന ഇപ്പോഴത്തെ അവസ്ഥ ഇല്ലാതാവണം. പഠനത്തെ പൂർണമായി വിദ്യാർത്ഥി കേന്ദ്രിതമായും ഔട്ട് കം ബെയ്സ്ഡായും മാറ്റേണ്ടതുണ്ട്. പാഠനിഷ്ഠ പഠനത്തിനിന്ന് പ്രക്രിയാനിഷ്ഠ പഠനത്തിലേക്കും വിദ്യാർത്ഥികളുടെ സ്വയം നിയന്ത്രിത പഠനത്തിലേക്കും നമ്മുടെ അധ്യയനരീതി മാറണം.

മലയാളത്തെ ഒരു ബൃഹത്ത് ജ്ഞാനവ്യവസ്ഥയായി പരിഗണിച്ച് മലയാളപഠനം പി ജി തലത്തിൽ സവിശേഷപഠനമേഖലകളായി വൈവിദ്ധ്യവത്കരിക്കേണ്ടതുണ്ട്. സ്പെഷലൈസേഷൻ കോഴ്സുകൾക്കകത്താണ സംഭവിക്കേണ്ടത്. ഇലക്റ്റീവ് കോഴ്സുകൾ അങ്ങനെ രൂപപ്പെടേണ്ടതാണ്.

പ്രാചീന മധ്യകാല സാഹിത്യം എങ്ങനെ കൈകാര്യം ചെയ്യണം? സമകാലിക സാഹിത്യം എങ്ങനെ കൈകാര്യം ചെയ്യണം? സാഹിത്യവിശകലനപദ്ധതികളും സൗന്ദര്യശാസ്ത്രവും എങ്ങനെ കൈകാര്യം ചെയ്യപ്പെടണം?പ്രയുക്തമേഖലകൾ ഏതൊക്കെ വികസിപ്പിച്ചെടുക്കണം? ഭാഷാസൂത്രണ സംബന്ധിയായ മേഖലകളും അതിനു സഹായിക്കുന്ന ഭാഷാപഠനമേഖലകളും രൂപപ്പെടുത്തുന്നത് എങ്ങനെയാണ്? സംസ്കാരപഠനവും അതിന്റെ ആർക്കൈവിങ്ങും അതിനാവശ്യമായ ഉപകരണ / ഉപാദാനസാമഗ്രികളുടെ വിപുലനവും എങ്ങനെ സാധിക്കണം? ഈ രീതിയിൽ ഒരു കരിക്കുലം എങ്ങനെ വികസിപ്പിച്ചെടുക്കാൻ കഴിയും? തുടങ്ങിയ അന്വേഷണങ്ങളിലൂടെയാണ് ഭാവി പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടത്.

സാഹിത്യപഠനത്തില് വിവരണാത്മക ആസ്വാദനപഠനത്തിനു പകരം വിമർശാത്മക വ്യവഹാരത്തിന്റെ മണ്ഡലം പിജി തലത്തിൽ വികസിപ്പിക്കണം. പഴയ പണ്ഡിതർ എന്തു പറയുന്നു എന്നതല്ല പുതിയ ഭാവുകത്വ പരിസരം ചരിത്രം കൊണ്ട് എങ്ങനെ അതിനെ അഭിമുഖീകരിക്കാം എന്നതാവണം ഫോക്കസ്.

ഭാവുകത്വപരിണാമത്തിന്റെ പശ്ചാത്തലത്തിൽ പാരമ്പര്യത്തിന്റെ തുടർച്ചകൾ വിച്ഛേദങ്ങൾ എന്നിവ മനസ്സിലാക്കിക്കൊണ്ട് സമകാലികസാഹിത്യത്തിന്റെ വിപുലമായ പരിചയപ്പെടലാണ സാഹിത്യപഠനത്തിൽ കൈക്കൊള്ളേണ്ടത്. വിവിധജനസ്സുകൾ പ്രസ്ഥാനങ്ങൾ പ്രവണതകൾ എന്നിവയ്ക്കൊപ്പം പ്രാന്തസ്ഥാനങ്ങൾ കൂടി പരിഗണനയിൽ വരണം. ക്ലാസ്സിക്കുകൾ എന്നുവിളിക്കപ്പെടാവുന്ന രചനകളെ വിശദമായി പഠിക്കുമ്പോൾ തന്നെ മറ്റുള്ള പ്രാചീനമധ്യകാലകൃതികളെക്കുറിച്ചുള്ള സാഹിത്യചരിത്രസംബന്ധിയായ ഉൾക്കാഴ്ച മാത്രം മതിയാവും. നിലവിൽ സാഹിത്യപഠനത്തിൽകാണുന്ന പഴയകാലത്തിനുള്ള അമിതപ്രാധാന്യം കുറയ്ക്കണം .

ഭാഷാപഠനത്തിന്റെയോ സൗന്ദര്യശാസ്ത്രത്തിന്റെയോ ഭാഗമായുള്ള പഠനം എന്ന നിലയ്ക്ക് ലക്ഷ്യലക്ഷണസമന്വയപാഠങ്ങൾക്ക് പ്രസക്തിയില്ല. വൃത്തം അലങ്കാരം തുടങ്ങിയ കാവ്യസാധനങ്ങൾ പ്രാചീന മധ്യകാലകൃതികളുടെ ഘടനാപശ്ചാത്തലത്തിലും സൗന്ദര്യസങ്കല്പത്തിലും എങ്ങനെ പ്രവർത്തിച്ചു? ഈ ഛന്ദഃശാസ്ത്രവും അലങ്കാരസമുച്ചയവും ഒരു സംസ്കാരം എന്ന നിലയിൽ മലയാളകവിതയുടെ പിൽക്കാലത്തും ഭാവതലത്തിലും ഭാവുകതലത്തിലും എങ്ങനെ പ്രവർത്തിക്കുന്നു എന്നുമുള്ള അന്വേഷണം മാത്രമാണ പ്രസക്തം. പുതിയ ഛന്ദഃശാസ്ത്രം ഡിജിറ്റൽ ഹ്യുമാനിറ്റീസ് ടൂളുകളുടെ സഹായത്തോടെ

വികസിപ്പിച്ചെടുക്കേണ്ടതാണ്. അനുഭൂതിയുടെയും ഭാവുകത്വത്തിന്റെയും ചരിത്രം സാമൂഹികനിർമ്മിതിയാണ് എന്ന നിലയിൽ സൗന്ദര്യശാസ്ത്രം മനസ്സിലാക്കപ്പെടണം. പാശ്ചാത്യ പൗരസ്ത്യസാഹിത്യസിദ്ധാന്തങ്ങളുടെ ചരിത്രത്തില്നിന്ന് മലയാളവിമർശനത്തിലേക്കുള്ള വഴിയിലൂടെയാണ് സാഹിത്യചിന്തയെ സംബന്ധിച്ച പഠനം വികസിക്കേണ്ടത്.

ആധുനികഭാഷാശാസ്ത്രത്തിന്റെ പാഠാവലിക്കൊപ്പം ഭാഷാശാസ്ത്രത്തിലെ നവീന സരണികൾ സമീപനങ്ങൾ കൂടി ഭാഷാശാസ്ത്രപഠനത്തിൽ ഉൾച്ചേരണം. പ്രയുതഭാഷാശാസ്ത്രമേഖലയ്ക്കായിരിക്കണം ബിരുദാനന്തരതലത്തിലെ ഊന്നലുകൾ. കേരളപാണിനീയത്തെ സൂത്രരൂപത്തിൽ നിർത്തിയുള്ള സംവാദാത്മകസമീപനമാണ വ്യാകരണചരിത്രപഠനത്തിൽ വേണ്ടത്. വ്യാകരണം സമകാലികഭാഷാവ്യവഹാരങ്ങളെ മുൻനിർത്തി പഠിക്കപ്പെടണം.

കേരള സംസ്കാരചരിത്രത്തിൽ വിട്ടുപോയ കണ്ണികൾ കണ്ടെത്തൽ, ചരിത്രപശ്ചാത്തലത്തിൽ സാമൂഹ്യ – സംസ്കാരവിശേഷങ്ങളെ പഠിക്കൽ, പുതിയ കാലത്ത് അഭിസംബോധന ചെയ്യേണ്ട സാംസ് കാരിക ഘടകങ്ങളെ തിരിച്ചറിയൽ എന്നിവയ്ക്കായിരിക്കണം സംസ്കാരപഠനത്തിന്റെ ഊന്നൽ. സംസ്കാരത്തെ ഒരു പ്രക്രിയ എന്ന നിലയിൽ അതിന്റെ ബഹുസ്വരതയിൽ മനസ്സിലാക്കാനും സൈദ്ധാന്തിക സമീപനങ്ങൾ ഉൾക്കൊള്ളാനും പഠിതാവിനു കഴിയണം.

സംസ്കാരചരിത്രരചന, സംസ്കാരപഠനം, നാടോടിവിജ്ഞാനം, ജനപ്രിയ സംസ്കാരം എന്നീ പഠനമേഖലകൾ തമ്മിലുള്ള വ്യത്യാസം സമീപനരീതികൾ മനസ്സിലാക്കുന്നതോടൊപ്പം ഡിജിറ്റൽ ഹ്യുമാനിറ്റീസ് എന്ന പുതുമണ്ഡലം കൂടി പരിചയപ്പെടണം. പ്രദേശസംസ്കാരികചരിത്രാന്വേഷണത്തിലുള്ള ഇടപെടൽ ശേഷിയുണ്ടാവണം. ഇതിനായി ഡിജിറ്റൽ ആർക്കൈവിങ്ങ് പരിശീലനം നല്കേണ്ടതുണ്ട്.

സാഹിത്യചരിത്രവിജ്ഞാനവും വൈജ്ഞാനികമലയാളവും ഡിഗ്രി കോർ വിഷയങ്ങളുടെ പ്രവേശകമായി മാറണം. വൈജ്ഞാനിക സാഹിത്യം എന്ന മട്ടിൽ സാഹിത്യത്തിന്റെ ജനുസ്സുകളായല്ല നിലയ്ക്കല്ല മലയാളത്തിന്റെ ജ്ഞാനഭാഷാപ്രകാരങ്ങൾ എന്ന നിലയ്ക്കാണ് അവ കൈകാര്യം ചെയ്യേണ്ടത്.

കോമൺ കോഴ്സുകൾ അത് നിലനിൽക്കുന്നുണ്ടെങ്കിൽ സാഹിത്യചരിത്ര വിജ്ഞാനീയം, സമകാലികമലയാളം, വൈജ്ഞാനികമലയാളം എന്നീ മേഖലകളെയാണ ഫോക്കസ്സ് ചെയ്യേണ്ടത്.

മലയാളപഠനത്തെ അന്തർവൈജ്ഞനികതലത്തിൽ വിപുലീകരിക്കാനുതകുന്ന അനുബന്ധ വിഷയങ്ങളാണ കോമ്പ്ലിമെന്ററി കോഴ്സുകളായി മാറേണ്ടണ്ടത്. ഇന്നു മലയാളപഠനത്തിന്റെ ഭാഗമായ സംസ്കൃതപഠനം അടിമുടി മാറേണ്ടതുണ്ട്. അത് സബ്സിഡിയറിയിൽ നിന്ന് കോമ്പ്ലിമെന്ററിയിലേക്ക് മാറേണ്ടതുണ്ട്. ഭാഷാപഠനം ഫങ്ങ്ഷണൽ സാൻസ്ക്രിറ്റ് എന്ന നിലയ്ക്ക് ഓപ്പൺ കോഴ്സിലേക്ക് മാറാവുന്നതാണ്. സംസ്കൃതസാഹിത്യചരിത്രത്തിന്റെ സാമാന്യപരിചയവും സംസ്കൃതസാഹിത്യപാരമ്പര്യം മലയാളത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നുവിശദീകരിക്കപ്പെടുകയും ചെയ്യുന്ന ഒരു പഠനക്രമമാണ് സമ്സ്കൃതം കോമ്പ്ലിമെന്ററിയിൽ അഭികാമ്യം.

ഇന്ന നിലനില്ക്കുന്ന മാധ്യമപഠനത്തിന്റെ സ്വഭാവം മാറി മാധ്യമചരിത്രം, മാധ്യമപഠനത്തിലെ താക്കോൽ സങ്കല്പനങ്ങൾ എന്നിവയിലൂടെ മാധ്യമവിമർശത്തിലെത്തേണ്ടതുണ്ട്. മലയാളമാധ്യമവ്യവഹാരത്തെയും സംസ്കാരത്തെയും അപഗ്രഥിക്കാനുള്ള ശേഷിയും മാധ്യമഭാഷയും സംസ്കാരവും മാധ്യമസംസ്കാരവും രാഷ്ട്രീയവും വിശകലനം ചെയ്യുന്ന രീതിയും ജനപ്രിയ മാധ്യമം – സംസ്കാരം - എന്നിവ മലയാളം ടെലിവിഷൻ രൂപങ്ങൾ, സിനിമ നവമാധ്യമവ്യവഹാരം എന്നിവയിലൂടെ നിർധാരണം ചെയ്യുന്ന രീതിയും അവലംബിക്കണം.

നിലനിൽക്കുന്ന ഓപ്പൺ കോഴ്സുകൾ ചലച്ചിത്രപഠനം സ്ത്രീ പഠനം എന്നിങ്ങനെ മലയാളപഠനത്തിന്റെ പുറത്തു നിൽക്കുന്ന വിഷയങ്ങളാവരുത്. നമുക്ക് മാസ്റ്ററി ഉള്ള വിഷയങ്ങളിലാണുണ്ടാവേണ്ടത്. സൈബർ മലയാളം, മാധ്യമരചന, ക്രിയേറ്റീവ് റൈറ്റിങ്ങ്, വിവർത്തനം, നിഘണ്ടു വിജ്ഞാനീയം, വൈജ്ഞാനികമലയാളം, കേരളപഠനം തുടങ്ങി അതി വിപുലമായ സാധ്യതകൾ ഈ മേഖലയിലുണ്ട്.ഡിജിറ്റൽ ഹ്യുമാനിറ്റീസിന്റെ മണ്ഡലത്തിലേക്ക് ഡിഗ്രിതലത്തിൽ പ്രവേശിക്കാനാവണം.

**വെബ് എഴുത്ത്, പരസ്യമെഴുത്ത്, പബ്ലിക്ക് റിലേഷൻ മീഡിയാ എഴുത്ത്,** മലയാളം ഇന്റൻസീവ് കോഴ്സ് ട്രാൻസാക്ഷൻ, ക്രിയേറ്റീവ് റൈറ്റിങ്ങ് തുടങ്ങി വിവിധ മേഖലകളിൽ മലയാളഭാഷാപ്രയോഗ നൈപുണി അഭ്യസിക്കാൻ ഡിഗ്രി തലത്തിൽ കഴിയണം. ആഗോളീകരണം തുറന്നുവെച്ച സാധ്യതകളെ പ്രയോജനപ്പെടുത്താൻകൂടി കഴിയേണ്ടതുണ്ട്.

**മലയാള ബിരുദബിരുദാനന്തരപഠനത്തിന്റെ രൂപരേഖ**

- **പഠന മേഖലകൾ**

  –ഭാഷ

  –സാഹിത്യം

  –സംസ്കാരം

  – അന്തർവൈജ്ഞാനികമേഖലകൾ (അനുപൂരകപഠനം)
- **•പ്രവർത്തനമണ്ഡലം**
  – –സർഗാത്മകരചനയും വിമർശനവും
  – –ഗവേഷണാത്മക- അക്കാദമികരചനകൾ
  – –പ്രയുക്തഭാഷാമേഖലകൾ സർവീസ്/ ഇൻഫോര്മേഷൻ ഓറിയന്റഡ് ആയ മാർക്കറ്റിനുള്ള ഭാഷ . ഭാഷയെ ഒരു ഉത്പന്നമായും കാണണം

- മാധ്യമരചനയും വിമർശവും
- സാംസ്കാരികവ്യവഹാരങ്ങളുടെ ആർക്കൈവിങ്ങും വിശകലനവും

**അടിസ്ഥാനപഠനവിഷയങ്ങൾ പുനരാലോചന**

1. **സാഹിത്യചരിത്രവിജ്ഞാനീയം**

- സാഹിത്യചരിത്രരചനാതത്ത്വങ്ങളും മലയാളഭാഷാസാഹിത്യചരിത്രവും

**2. മലയാളഭാഷാവബോധം**

- മലയാളത്തിന്റെ ജ്ഞാനഭാഷാസ്വരൂപത്തെപ്പറ്റിയുള്ള പഠനം

**3. സംസ്കാരപഠനം**

- സംസ്കാരപഠനത്തിന്റെ അടിസ്ഥാനസങ്കല്പനങ്ങൾ കേരളീയ സംസ്കാരത്തിന്റെ ബഹുസ്വരത

`ഡിഗ്രി പി. ജി. തല പ്രൊജക്ടുകളിലും കാതലായ മാറ്റം ആവശ്യമാണ്. ഗവേഷണത്തിനുള്ള ഉപാദാനസാമഗ്രികൾ വികസിപ്പിക്കുക എന്നത് പ്രധാനമാണ് . ഗവേഷണത്തിനാവശ്യമായ ബഫർ സോണുകൾ വികസിപ്പിക്കുക എന്ന രീതി താഴെത്തട്ടിൽ നടപ്പാക്കാനാവും.

ദത്തങ്ങളുടെയും ആധാരങ്ങളുടെയും ഭൂതകാല വിജ്ഞാനങ്ങളുടെയും കൃതികളുടെയും ഡിജിറ്റൽ റെപ്പോസിറ്ററികളും ഡാറ്റാ ബെയ്സുകളും വലിയ അളവിലുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ദത്തശേഖരണവും നിലവിലുള്ള ദത്തങ്ങളെ ഡിജിറ്റൽ ഡാറ്റ ആക്കലും ദത്തശേഖരണത്തിനും വിശകലനത്തിനും ആവിഷ്കാരത്തിനുമുള്ള ഉപകരണങ്ങളും സോഫ്റ്റ് വെയറുകളും പരിശീലിക്കലും ആവശ്യമാണ്. ഇത്തരം പ്രവർത്തനങ്ങളായി ബിരിദ ബിരുദാനന്തരപ്രൊജക്ടുകളെ മാറ്റാൻ കഴിയും. ഗവേഷണാഭിരുചി വളർത്തൽ, ഗവേഷണത്തിന്റെ രീതിമര്യാദകൾ ഉറപ്പിക്കൽ, വിമർശാത്മക ജ്ഞാനനിർമ്മിതിയിലുള്ള ഊന്നൽ എന്നിവയും ഗവേഷണരീതിശാസ്ത്രം എന്ന നിലയ്ക്ക് സിലബസ്സിൽ ഉൾച്ചേർക്കേണ്ടതുണ്ട്.

നവീന വിജ്ഞാനമേഖലകളെ സംയോജിപ്പിച്ചുകൊണ്ട് ഇംഗ്ലീഷിലൊക്കെ ഉണ്ടായതുപോലെ മലയാളത്തിലും യു ജിപി ജി പഠന / പ്രോഗ്രാമുകൾ സാധ്യമാണ്മലയാളപഠനത്തിൽ . പുതുതായി വികസിച്ചുവന്ന പഠനമേഖലകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഇന്റഗ്രേറ്റഡ് യു ജിപിജി കോഴ്സുക/ളും കൂടെയുണ്ടാവണം .കേരളപഠനം, സംസ്കാരപഠനം, ഡിജിറ്റൽ ഹ്യൂമാനിറ്റീസ്ക്രിയേറ്റീവ് റൈറ്റിങ്ങ് ., വിവർത്തനപഠനം , പൈതൃകപഠനം, വിനിമയ മലയാളം തുടങ്ങിയ നിരവധി കോഴ്സുകൾ ഈ മേഖലയിൽ സാധ്യമാണ്. മാധ്യമപഠനം, ടൂറിസപഠനം, ലാംഗ്വേജ് കമ്പ്യൂട്ടിങ്ങ്, തിയറ്റർ സ്റ്റഡീസ്, വിമൻ സ്റ്റഡീസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, തിയറ്റർ സ്റ്റഡീസ്, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, മീഡിയാ ആന്റ് അഡ്വർറ്റൈസിങ്ങ്, കേരള ഡെവലപ്മെന്റ് സ്റ്റഡീസ് എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള കോഴ്സുകളും സാധ്യമാണ് ഈ വിഷയങ്ങൾ മലയാളമാധ്യമത്തിലൂടെ . പഠിക്കാവുന്ന സാഹചര്യംകൂടി രൂപപ്പെട്ടാൽ അത് മലയാളഭാഷയെയും കേരളീയ ജ്ഞാനമണ്ഡലത്തെയും വലിയ രീതിയിൽ വികസിപ്പിക്കുകയും ചെയ്യുംഇതുകൂടാതെ മറ്റ് ഭാഷാവിഷയങ്ങളും . സാമൂഹികമാനവികവിഷയങ്ങളുമായും സംയോജിപ്പിച്ച് ലിബറൽ ആർട്സ് കോഴ്സുകളും സാധ്യമാണ്.

**ഉപസംഹാരം**

കൊളോണിയൽ കാലത്തെ തുടക്കത്തിൽനിന്ന് മലയാളപഠനത്തിന് ഏറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. തൊണ്ണൂറുകളോടെ മലയാളപഠന നവീന ജ്ഞാനപദ്ധതികളെ സ്വാംശീകരിച്ചുകൊണ്ട് - പുതിയ ജ്ഞാനമേഖലകളിലേക്ക് ഒരു പഠന വിഷയം എന്ന നിലയിൽ വികസിച്ചിട്ടുണ്ട് .

അന്തർവൈജ്ഞാനികവും ബഹുവൈജ്ഞാനികവുമായ നിരവധി ജ്ഞാനമണ്ഡലങ്ങളും സമീപനങ്ങളും ഇന്ന് മലയാള .കേരളപഠനത്തിൽ സജീവമാണ് - അതോടൊപ്പം പുതിയ വിദ്യാഭ്യാസരീതിയും നിലവിൽ വന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ മലയാളകേരളപഠനം സമ്പൂർണ്ണമായ ഒരു അഴിച്ചുപണി ആവശ്യപ്പെടുന്നുണ്ട്. അതിലൂടെ മാത്രമേ ഉന്നതവിദ്യാഭ്യാസമേഖലയിൽ ഈ പഠനശാഖയ്ക്ക് അതിജീവിക്കാൻ കഴിയുകയുള്ളൂ.

**ആധാരഗ്രന്ഥങ്ങൾ**

Agarwal, Pawan. *Indian Higher Education: Envisioning the Future*. SAGE Publications India ; SAGE, 2009.

Bauerlein, Mark. *Literary Criticism: An Autopsy*. University of Pennsylvania Press, 1997.

Deka, B. *Higher Education in India: Development and Problems*. Atlantic Publishers & Dist, 2000.

Knellwolf, Christa, and Christopher Norris, editors. "FROM CULTURAL POETICS TO CULTURAL STUDIES." *The Cambridge History of Literary Criticism: Volume 9: Twentieth-Century Historical, Philosophical and Psychological Perspectives*, vol. 9, Cambridge University Press, 2001. *Cambridge University Press*,

Patnaik, Prabhat. "On the Political Economy of Educational 'Reforms.'" *Social Scientist*, vol. 41, no. 7/8, Social Scientist, 2013, pp. 93–100.

**Reports:**

National Knowledge Commission Final Report, Govt. of India.

Report on Restructuring of Under Graduate Education, 2009.

Report on Choice Based Credit and Semester System, 2014.

Syllabus of Various Universities